# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

10-03-2020 - ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1786

## ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ആർ.രാജേഷ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ ; | എ) ചാരുംമൂട് കേന്ദ്രമാക്കി ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം നിലവിൽ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. |
| ബി) പ്രസ്തുത പ്രദേശം നിലനിൽക്കുന്ന കായംകുളം-പുനലൂർ റോഡിൽ കായംകുളത്തിനും അടൂരിനും മധ്യേയും കൊല്ലം-തേനി ദേശീയ പാതയിൽ ആലപ്പുഴ-കൊല്ലം ജില്ലയുടെ അതിർത്തി പ്രദേശങ്ങളിലും ഫയർ സ്റ്റേഷനുകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ബി) & സി) കായംകുളം - പുനലൂർ റോഡിൽ കായംകുളത്തിനും അടൂരിനും മധ്യേ 16 കിലോമീറ്റർ ചുറ്റളവിൽ അടൂർ, മാവേലിക്കര നിലയങ്ങളും കൊല്ലം-തേനി ദേശീയ പാതയിൽ ആലപ്പുഴ-കൊല്ലം ജില്ലയുടെ അതിർത്തി പ്രദേശത്ത് 19 കിലോമീറ്റർ ചുറ്റളവിൽ ചെങ്ങന്നൂർ, ശാസ്താംകോട്ട നിലയങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. |
| സി) ടി വസ്തുതകൾ പരിശോധിച്ച് ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ